**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3999** **17-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ നഴ്സിങ് കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര നഴ്സിങ് കോളേജുകൾ പ്രവർത്തിക്കുന്നു; ഇവയുടെ എണ്ണം സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖല എന്നിവ തിരിച്ച് നൽകാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ ആകെ 159 നേഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നു.<br>• സർക്കാർ നേഴ്സിംഗ് കോളേജുകൾ – 14<br>• സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകൾ – 124<br>സംസ്ഥാന സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന നേഴ്സിംഗ് കോളേജുകൾ<br>• State Institute of Medical Education and Technology (SIMET) - 11<br>• Centre for Professional and Advances Studies (CPAS) – 9<br>• Co-operative Academy of Professional Education (CAPE) - 1 |
| (ബി) | സംസ്ഥാനത്ത് ഒരു അധ്യയന വർഷം എത്ര കുട്ടികൾക്ക് ബി.എസ്.സി. നഴ്സിങ് പഠനത്തിന് പ്രവേശനം നേടാൻ കഴിയും; ആകെ സീറ്റുകളുടെ എണ്ണം സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖല എന്നിങ്ങനെ തരം തിരിച്ച് നൽകുമോ; | (ബി) | സംസ്ഥാനത്ത് ബി.എസ്.സി (നേഴ്സിംഗ്) കോഴ്സിന് ആകെ 9823 സീറ്റുകളാണുള്ളത്.<br>• സർക്കാർ നേഴ്സിംഗ് കോളേജുകൾ – 1090<br>• സ്വകാര്യ നേഴ്സിംഗ് കോളേജുകൾ – 7613<br>സംസ്ഥാന സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന നേഴ്സിംഗ് കോളേജുകൾ<br>• State Institute of Medical Education and Technology (SIMET) - 660<br>• Centre for Professional and Advances Studies (CPAS) – 410<br>• Co-operative Academy of Professional Education (CAPE) – 50 |

| | | | |
|---|---|---|---|
| (സി) | 2024-25 അധ്യയന വർഷം എത്ര കുട്ടികൾ നഴ്സിങ് പഠനത്തിനായി അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പോയി എന്നത് സംബന്ധിച്ച വിവരം സർക്കാരിന്റെ കയ്യിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) | ലഭ്യമല്ല. |
| (ഡി) | കേരളത്തിൽ സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖലകളിൽ കൂടുതൽ നഴ്സിങ് കോളേജുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (ഡി) | സ്വീകരിക്കും. 2023-24 അധ്യയന വർഷം 5 പുതിയ സർക്കാർ നേഴ്സിംഗ് കോളേജുകളും തിരുവനന്തപുരം നേഴ്സിംഗ് കോളേജിന് അനുബന്ധമായി ബി.എസ്.സി (നേഴ്സിംഗ്) കോഴ്സിന് 100 സീറ്റോടെ അധിക ബാച്ചും ആരംഭിച്ചു. 2022-23 അധ്യയന വർഷം 2 സർക്കാർ നേഴ്സിംഗ് കോളേജുകൾ ആരംഭിച്ചിരുന്നു. കൂടുതൽ നേഴ്സിംഗ് കോളേജുകൾ സർക്കാർ മേഖലയിൽ ആരംഭിക്കണമെന്നതാണ് സർക്കാർ നയം. സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങളായ State Institute of Medical Education and Technology (SIMET), Centre for Professional and Advances Studies (CPAS), Co-operative Academy of Professional Education (CAPE) എന്നിവയ്ക്ക് കീഴിൽ യഥാക്രമം 7, 3, 1 എന്നിങ്ങനെ പുതിയ നേഴ്സിംഗ് കോളേജുകൾ 2023-24 അധ്യയന വർഷം ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ / സ്വാശ്രയ മേഖലയിൽ 21 സ്വകാര്യ നേഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനായി സർക്കാർ നിരാക്ഷേപ പത്രം നൽകി. ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ അനുശാസിക്കുന്ന പ്രകാരവും സർക്കാർ ഉത്തരവുകൾ പ്രകാരവും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന സ്ഥാപനങ്ങൾക്ക് കോളേജ് ആരംഭിക്കുന്നതിന് അപേക്ഷ ലഭിക്കുന്ന മുറക്ക് ആവശ്യമായ പരിശോധനകൾ നടത്തി റിപ്പോർട്ട് കിട്ടുന്ന മുറക്ക് അനുമതി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ